**പതിനാലാം കേരളനിയമസഭ**

**ഏഴാം സമ്മേളനം**

| **നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 112** | **07.08.2017-ൽ മറുപടിക്ക്** |
|---|---|

## പോലീസ് സ്റ്റേഷൻ പരിസരത്തെ വാഹനങ്ങൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ | | ശ്രീ. പിണറായി വിജയൻ<br>മുഖ്യമന്ത്രി | |
| (എ) | അപകടത്തിൽപ്പെട്ടതും, കേസ്സുകളിൽ പെട്ടതുമായ വാഹനങ്ങൾ പോലീസ് സ്റ്റേഷൻ പരിസരത്തും റോഡുകളിലും കിടക്കുന്നത് ഗതാഗത തടസ്സങ്ങൾ സൃഷ്ടിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | സംസ്ഥാനത്തെ ചില പോലീസ് സ്റ്റേഷനുകളിലും സമീപവും പാതയോരങ്ങളിലും നിയമലംഘനം നടത്തുന്ന വാഹനങ്ങൾ നിർത്തിയിടുന്നത് മൂലം തദ്ദേശവാസികൾക്കും ജീവനക്കാർക്കും മറ്റും വിവിധ രീതിയിലുള്ള ബുദ്ധിമുട്ടുകൾ ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ചെങ്ങന്നൂർ ട്രാഫിക് പോലീസ് സ്റ്റേഷൻ പരിസരത്ത്, റോഡിന്റെ വശങ്ങളിൽ അപകടത്തിൽപ്പെട്ട വാഹനങ്ങൾ ഗതാഗത തടസ്സം സൃഷ്ടിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ചെങ്ങന്നൂർ ട്രാഫിക് പോലീസ് സ്റ്റേഷൻ പരിസരത്ത് റോഡിന്റെ വശങ്ങളിൽ അപകടത്തിൽപ്പെട്ട വാഹനങ്ങൾ നിലവിൽ സൂക്ഷിച്ചുവരുന്നില്ല. |
| (സി) | ഇത്തരം വാഹനങ്ങൾ റോഡിന്റെ സമീപത്തുനിന്ന് നീക്കം ചെയ്യുവാൻ നടപടി സ്വീകരിക്കുമോ? | (സി) | പോലീസ് സ്റ്റേഷൻ പരിസരത്ത് അനാവശ്യമായി സൂക്ഷിച്ചിരിക്കുന്ന തൊണ്ടി മുതലായ വാഹനങ്ങൾ തീർപ്പാക്കുന്നതുമായി ബന്ധപ്പെട്ട് വ്യക്തമായ നിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് 23/2013 നമ്പർ പ്രകാരം സർക്കുലർ പുറപ്പെടുവിച്ചിട്ടുള്ളതും, പ്രസ്തുത സർക്കുലറിലെ നിർദ്ദേശങ്ങൾ അനുസരിച്ച് നടപടി സ്വീകരിക്കുവാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശങ്ങൾ നൽകിയിട്ടുള്ളതുമാണ്. കൂടാതെ പോലീസ് സ്റ്റേഷൻ പരിസരങ്ങളിലും മറ്റും സൂക്ഷിച്ചിരിക്കുന്ന അവകാശികളില്ലാത്തതും, കണ്ടുകെട്ടിയതുമായ വാഹനങ്ങൾ സർക്കാരിന്റെ 15.12.2014-ലെ G.O.(MS) No. 550/14/ഫിൻ. നമ്പർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ എം.എസ്.ടി.സി. ലിമിറ്റഡ്-ന്റെ വെബ്സൈറ്റ് മുഖേന ഇ-ലേലം നടത്തുന്നതിനും നിർദ്ദേശം നൽകിയിരുന്നു. |

| | | | |
|---|---|---|---|
| | | | പോലീസ് സ്റ്റേഷൻ പരിസരങ്ങളിൽ സൂക്ഷിച്ചിരിക്കുന്ന വാഹനങ്ങൾ തീർപ്പാക്കുന്നതുമായി ബന്ധപ്പെട്ട് ഓരോ വാഹനത്തിനും പ്രത്യേകം പ്രത്യേകം മാർഗ്ഗനിർദ്ദേശങ്ങൾ രൂപീകരിക്കുന്നതിനും അതിന്റെ പുരോഗതി വിലയിരുത്തുന്നതിനും അനാവശ്യമായി വാഹനങ്ങൾ കസ്റ്റഡിയിൽ എടുക്കുന്ന പ്രവണത ഒഴിവാക്കുന്നതിനും, വാഹനങ്ങൾ തീർപ്പാക്കുന്നതിൽ നിലവിലെ വ്യവസ്ഥയിൽ എന്തെങ്കിലും ഭേദഗതി വരുത്തുന്നതിനോ, പുതിയ വ്യവസ്ഥ രൂപപ്പെടുത്തുന്നതിനോ നിർദ്ദേശങ്ങൾ ഉണ്ടെങ്കിൽ ആയത് അറിയിക്കുന്നതിനും എല്ലാ ജില്ലാ പോലീസ് മേധാവികൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.<br>പെറ്റി കേസുകളിൽ വാഹനങ്ങൾ പിടിച്ചെടുത്ത് അനാവശ്യമായി കസ്റ്റഡിയിൽ സൂക്ഷിച്ച് വാഹന ഉടമകൾക്ക് പ്രയാസങ്ങൾ സൃഷ്ടിക്കുന്നതായുള്ള പരാതിയുടെ അടിസ്ഥാനത്തിൽ, പ്രസ്തുത പ്രവൃത്തിമൂലം വാഹന ഉടമകൾക്ക് ഉണ്ടാകുന്ന പ്രയാസങ്ങളും കൂടാതെ പോലീസ് സ്റ്റേഷൻ പരിസരത്തും റോഡ് വക്കിലും വാഹനങ്ങൾ സൂക്ഷിക്കുന്നതുമൂലം ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ ഒഴിവാക്കുന്നതിനും പെറ്റി കേസുകളിലും വാഹന അപകട കേസ്സുകളിലും ബന്തവസ്സിൽ എടുക്കുന്ന വാഹനങ്ങൾ വിട്ടുകൊടുക്കുന്നതുമായി ബന്ധപ്പെട്ട് ഉണ്ടാകുന്ന കാലതാമസവും പരാതിയും ഒഴിവാക്കുന്നതിനും ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ 31.01.2017-ലെ 7/2017 നമ്പർ സർക്കുലർ പ്രകാരം പുറപ്പെടുവിച്ചിട്ടുള്ളതും, പ്രസ്തുത സർക്കുലറിലെ നിർദ്ദേശങ്ങൾ കർശനമായി പാലിക്കുന്നതിന് എല്ലാ ജില്ലാ പോലീസ് മേധാവികൾക്കും നിർദ്ദേശം നൽകിയിട്ടുള്ളതുമാണ്. |

സെക്ഷൻ ഓഫീസർ